## HP പ്രിന്റർ ഇൻസ്റ്റലേഷൻ

1. ആദ്യം സിസ്റ്റത്തിൽ പ്രിന്റർ Add ആയിട്ടുണ്ടെങ്കിൽ അതെല്ലാം ഡീലിറ്റ് ചെയ്യുക.
2. ഇനി Printer കണക്ട് ചെയ്യുക.
3. ഇവിടെ നിന്നും DRIVER ഡൗൺലോഡ് ചെയ്ത് Extract ചെയ്യുക.
(C the Download button on the top right corner of the new page)
4. Extract ചെയ്ത ഫോൾഡറിലെ install എന്ന ഫയലിൽ ഡബിൾക്ക് ചെയ്ത് run in terminal ക്ലിക്ക് ചെയ്യുക.
( ഈ പാക്കേജ് കണ്ടെത്തി ഇന്റസ്റ്റലേഷൻ സ്ക്രിപ്റ്റ് തയ്യാറാക്കിയത് Malappuram IT@School Master Trainer ഹക്കീം മാഷ് ആണ്.)
5. ഇൻസ്റ്റലേഷൻ പൂർത്തിയാവുമ്പോൾ പ്രിന്റർ ഓട്ടോമാറ്റിക്ക് ആയി Add ആയിട്ടുണ്ടാവും.
6. ഇനി പ്രിന്റിംഗ് നടത്താം. പ്രിന്റിംഗ് നടക്കുന്നില്ലെങ്കിൽ സിസ്റ്റം റീബൂട്ട് ചെയ്യുക.
റീബൂട്ട് ചെയ്തിട്ടും പ്രിന്റർ ഓട്ടോമാറ്റിക്ക് ആയിപ്രിന്റ് ചെയ്യുന്നില്ലെങ്കിൽ താഴെയുള്ള രീതിയിൽ പ്രിന്റർ configure ചെയ്യുക.
(പ്രിന്റർ Add ആയിട്ടുണ്ടെങ്കിൽ ഡീലിറ്റ് ചെയ്യുക.)
7. ശേഷം ടെർമിനലിൽ താഴെയുള്ള കമാന്റ് ടൈപ്പ് ചെയ്യുക.
sudo hp-setup
ശേഷം നിർദ്ദേശത്തിനനുസരിച്ച് മുന്നോട്ട് പോയി Printer Add ചെയ്യുക. Test page പ്രിന്റ് ചെയ്യണമെന്നില്ല.
8. സിസ്റ്റം റീസ്റ്റാർട്ട് ചെയ്യുക.
HP യുടെ സ്കാനറുകളും ഇത് ഉപയോഗിച്ച് പ്രവർത്തിപ്പിക്കാൻ സാധിക്കും.
NB: ചില HP പ്രിന്ററുകൾ താഴെയുള്ള രീതിയിൽ ഇൻസ്റ്റാൾ ചെയ്യേണ്ടി വരാറുണ്ട്. http://foo2xqx.rkkda.com/

## Canon LBP 2900B Printer ഇൻസ്റ്റലേഷൻ

Ubuntu 10.04 ൽ Canon LBP ലേസർ പ്രിന്ററുകൾ cndrvcups-capt ഡ്രൈവറുപയോഗിച്ച് സാധാരണയായി ഇൻസ്റ്റാൾ ചെയ്യാൻ സാധിക്കാറുണ്ട്. എന്നാൽ ആ മാർഗം ഉപയോഗിച്ച് LBP 2900B പ്രിന്റർ ഇൻസ്റ്റാൾ ചെയ്താൽ ഒരു പ്രാവശ്യം പ്രിന്റ് ചെയ്ത് പ്രിന്റർ പണി മുടക്കുന്നതായി പലരും പറയുന്നു. സിസ്റ്റം റീസ്റ്റാർട്ട് ചെയ്താൽ ഈ പ്രിന്റർ പിന്നെ വർക്ക് ചെയ്യില്ല. പഠിച്ച പണി പതിനെട്ടും പയറ്റിയാലും മാർഗമില്ല. ഇത്തരം ഒരു പ്രിന്റർ ലഭിക്കുകയാണെങ്കിൽ എന്താണ് കാരണം കണ്ടെത്താമായിരുന്നു എന്ന് മനസ്സിൽ കുറെ ദിവസമായുള്ള ആഗ്രഹമായിരുന്നു. ഇന്ന് LBP 2900B യുമായി ഒരു അധ്യാപകൻ ഓഫീസിൽ വന്നപ്പോൾ സന്തോഷമാണ് തോന്നിയത്. ഒന്ന് പരീക്ഷണം നടത്താലോ? ഇതിനിടയിൽ ഹക്കീം മാഷും വന്നു. capt ഡ്രൈവറിന്റെ പല വേർഷനും ഞങ്ങൾ പരീക്ഷിച്ചു. അവസാനം cndrvcups-capt_2.00-2 ഡ്രൈവർ ഉപയോഗിച്ച് ഈ പ്രിന്റർ ഞങ്ങൾ വിജയകരമായി പ്രിന്റ് ചെയ്യിച്ചു. വീണ്ടും! വീണ്ടും! പല പ്രാവശ്യം റീസ്റ്റാർട്ട് ചെയ്ത് പ്രിന്റ് ചെയ്ത് നോക്കി.. പ്രിന്റർ പണിമുടക്കിയില്ല !.. ഞങ്ങൾ ചെയ്ത മാർഗം താഴെ നൽകുന്നു.

1. സിസ്റ്റത്തിൽ cups മായി ബന്ധപ്പെട്ട പാക്കേജുകൾ അപ്ഡേറ്റ് ചെയ്യാനുള്ളവ അപ്ഡേറ്റ് ചെയ്തു .
2. സിനാപ്റ്റിക്കിൽ നിന്ന് portreserve എന്ന പാക്കേജ് ഇൻസ്റ്റാൾ ചെയ്തു.
(sudo apt-get install portreserve)
ഇവിടെ നിന്ന് hplip ന്റെ പുതിയ ഡ്രൈവർ ഇൻസ്റ്റാൾ ചെയ്തു. ( ഇത് ആവശ്യമില്ലെങ്കിലും അത് ചെയ്തിരുന്നു എന്നത് പ്രത്യേകം ഇവിടെ ഓർക്കുന്നു.)
ശേഷം താഴെയുള്ള സ്റ്റെപ്പുകൾ ഓരോന്നായി ചെയ്തു.
3. നിലവിലുള്ള cndrvcups-capt ഡ്രൈവർ ഉണ്ടെങ്കിൽ അത് അൺ ഇൻസ്റ്റാൾ ചെയ്യുക..
4. System-Administration-Printing ൽ പോയി LBP പ്രിന്റർ Add ആയിട്ടുണ്ടെങ്കിൽ ഡീലിറ്റ് ചെയ്യുക.
5. പ്രിന്റർ പവർഓഫ് ചെയ്യുക.
6. ഇവിടെ നിന്നും libstdc++5 ഡൗൺലോഡ് ചെയ്ത് ഡബിൾ ക്ലിക്ക് ചെയ്ത് ഇൻസ്റ്റാൾ ചെയ്യുക (C the Download button on the top right corner of the new page)
7. ശേഷം ഇവിടെ നിന്ന് Capt_driver_2.0 ഡൗൺലോഡ് ചെയ്ത് Extract ചെയ്ത് താഴെ പറയുന്ന ക്രമത്തിൽ ഡബിൾ ക്ലിക്ക് ചെയ്ത് ഇൻസ്റ്റാൾ ചെയ്യുക.(C the Download button on the top right corner of the new page)
cndrvcups-common_2.00-2_i386.deb
cndrvcups-capt_2.00-2_i386.deb
ഇനി താഴെയുള്ള കമാന്റ് ഓരോന്നായി റൺ ചെയ്യുക, (കോപ്പി ചെയ്ത് ടെർമിനലിൽ പേസ്റ്റ് ചെയ്യുക.)
sudo /etc/init.d/cups restart
sudo /usr/sbin/lpadmin -p LBP2900 -m CNCUPSLBP2900CAPTK.ppd -v ccp:/var/ccpd/fifo0 -E
sudo /usr/sbin/ccpdadmin -p LBP2900 -o /dev/usblp0
sudo /etc/init.d/ccpd start
(കമാന്റുകൾ ഇവിടെ നിന്ന് കോപ്പി ചെയ്ത് ടെക്സ്റ്റ് എഡിറ്ററിൽ പേസ്റ്റ് ചെയ്യുക. ശേഷം അവിടെ നിന്ന് കോപ്പി ചെയ്യാം)
മൂന്നാമത്തെ കമാന്റ് ടെർമിനലിൽ പേസ്റ്റ് ചെയ്യുമ്പോൾ OK എന്ന് ടെർമിനലിൽ തെളിയും. തെളിയണം. ഇത് വന്നില്ലെങ്കിൽ System-Administration-Printing ൽ പോയി LBP പ്രിന്റർ ഡീലിറ്റ് ചെയ്തതിന് ശേഷം സിസ്റ്റം റീസ്റ്റാർട്ട് ചെയ്യുക . ശേഷം മുകളിൽ പറഞ്ഞ അവസാനത്തെ മൂന്ന് കമാന്റുകൾ മാത്രം ഓരോന്നായി വീണ്ടും ടെർമിനലിൽ റൺ ചെയ്യണം.
ഇനി പ്രിന്റർ പവർ ഓൺ ചെയ്ത് ഏതാണ്ട് 15 സെക്കന്റ് കാത്തിരിക്കുക.
LBP 2900 ready for printing എന്ന മെസ്സേജ് പാനലിൽ തെളിയും.

8. ഇനി System-Administration-Printing തുറക്കുക. അവിടെ LBP യുടെ രണ്ട് പ്രിന്റർ കാണാം. ഇതിൽ LBP2900 Default ആക്കുക..
(മറ്റേതിൽ Right Click ചെയ്ത് enable അൺ ചെക്ക് ചെയ്യുക.)
9. ശേഷം ടൈപ്പ് ചെയ്ത് പ്രിന്റ് ചെയ്യാം. (Print test page വർക്ക് ചെയ്യണമെന്നില്ല.)
ഇനിയാണ് ശ്രദ്ധിക്കേണ്ടത്. സിസ്റ്റം ഓരോ പ്രാവശ്യം ഓഫ് ചെയ്യുന്നതിന് മുമ്പ് പ്രിന്റർ ആദ്യം ഓഫ് ചെയ്യുക. സിസ്റ്റം സ്റ്റാർട്ട് ചെയ്ത് login ചെയ്തത് എല്ലാ അപ്ലിക്കേഷനും പ്രവർത്തന സജ്ജമായതിന് ശേഷം മാത്രം പ്രിന്റർ ഓണാക്കുക. ഇനി പ്രിന്റ് ചെയ്യാം.
പ്രിന്റർ സ്റ്റാർട്ട് ചെയ്യാൻ വേറൊരു കമാന്റും ആവശ്യമില്ല.
(എന്നാൽ LBP2900 പ്രിന്ററിന് സിസ്റ്റം ഓരോ പ്രാവശ്യവും റിസ്റ്റാർട്ട് ചെയ്താൽ മുകളിലെ അവസാനത്തെ കമാന്റ് - sudo /etc/init.d/ccpd start - ടെർമിനലിൽ റൺ ചെയ്താലേ പ്രിന്റർ പ്രവർത്തിക്കു.)
പിന്നീട് പ്രിന്റർ എപ്പോഴെങ്കിലും ഓഫാക്കിയിട്ടുണ്ടെങ്കിൽ സിസ്റ്റം റീബൂട്ട് ചെയ്ത് മുമ്പ് സൂചിപ്പിച്ച രീതിയിൽ പ്രിന്റർ ഓൺ ചെയ്യുക. (LBP 2900B ഇൻസ്റ്റാൾ ചെയ്യുമ്പോൾ അല്പം ക്ഷമ നിർബന്ധമായും ആവശ്യമാണ് കേട്ടോ ? )
അധ്യാപകരുടെ സംശയങ്ങൾ താഴെ പങ്കുവെക്കാം. അത് പരീക്ഷിച്ചു വിജയിച്ചിട്ടുള്ളവർ മറുപടി നൽകുകയും വേണം.